"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കണ്ണൂർ കോർപ്പറേഷനിൽ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ബിജു എൻ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 66/2026 നമ്പർ കേസിലെ 19.01.2026 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.621/2026/LSGD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. ശ്രീ ബിജു എൻ. സർക്കാരിൽ സമർപ്പിച്ച 29.12.2025 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്ഷർ എ 4).
2. ശ്രീ ബിജു എൻ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 66/2026 നമ്പർ കേസിലെ 19.01.2026 തീയതിയിലെ ഉത്തരവ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.02.2026 തീയതിയിലെ LSGD/PD/40475/2025-DEA3 നമ്പർ കത്ത്.

**ഉത്തരവ്**

പ്രിൻസിപ്പൽ ഡയറക്ടറുടെ സ്ഥലംമാറ്റഉത്തരവുമായി ബന്ധപ്പെട്ട അപാകതകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്ന ആവശ്യവുമായി ശ്രീ. ബിജു.എൻ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 66/2026 നമ്പർ കേസിലെ 19.01.2026 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള അനക്ഷർ A4 നിവേദനം പരിഗണിക്കുവാനും ടിയാളെ നേരിൽ കേട്ടതിനുശേഷം ഉത്തരവ് ലഭിച്ച തീയതി മുതൽ ആറാഴ്ചകൾക്കുള്ളിൽ ഉചിതമായ തീരുമാനം പുറപ്പെടുവിക്കുവാനും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. ബിജു.എൻ സമർപ്പിച്ച അപേക്ഷ പ്രകാരം കോഴിക്കോട് സ്വദേശിയായ താൻ കണ്ണൂർ കോർപ്പറേഷനിൽ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ 03.10.2022 മുതൽ ജോലി ചെയ്തു വരികയാണ് എന്നും 2020-ൽ വാഹനാപകടത്തിൽ കാലിനു ഗുരുതരമായി പരിക്കേറ്റതിനെ തുടർന്ന് കാലിനു ചികിത്സ ഇപ്പോഴും നടന്നുവരുന്നതും പൂർണമായി ഭേദമായിട്ടില്ലാത്തതുമാണെന്നും ടിയാളുടെ ഭാര്യ ക്യാൻസർ രോഗം മൂലം ചികിത്സയിലാണെന്നും അറിയിച്ചിരിക്കുന്നു. 2025-ലെ പൊതുസ്ഥലമാറ്റത്തിൽ ടിയാൻ അപേക്ഷ സമർപ്പിച്ചപ്പോൾ അവശതകൾ കാണിക്കുന്ന ജില്ലാ ബോർഡിന്റെ സർട്ടിഫിക്കറ്റും ഭാര്യ ക്യാൻസർ ചികിത്സയിലാണെന്ന് കാണിക്കുന്ന എംവിആർ ക്യാൻസർ സെൻററിൽ നിന്നുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നു എങ്കിലും ഫൈനൽ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ഔട്ട് സൈഡ് ഡിസ്ട്രിക്റ്റിൽ ഒൻപതാം സ്ഥാനത്തും Compassionate

Priority(ഔട്ട്സൈഡിൽ) ഒന്നാം സ്ഥാനത്തുമാണ് ഉണ്ടായിരുന്നത്. ഫൈനൽ ക്യൂ ലിസ്റ്റിൽ ടിയാളുടെ മുകളിലുള്ള എട്ടുപേർക്കും ഓപ്ഷൻ അനുസരിച്ച് സ്ഥലംമാറ്റം നൽകുകയും ടിയാൻ ഓപ്റ്റ് ചെയ്ത സ്റ്റേഷനിൽ വേക്കൻസി ഇല്ലാത്തതിനാൽ അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിച്ചതും ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. 18.3.2024 പ്രമോഷൻ ലഭിച്ച് പാലക്കാട് നഗരസഭയിൽ ഡെപ്യൂട്ടി മുനിസിപ്പൽ സെക്രട്ടറി തസ്തികയിൽ നിയമയായ ശ്രീമതി വി.കെ.ബിന്ദുവിനെ 28.09.2025 ക്യൂ ലിസ്റ്റിൽ പതിനാറാം സ്ഥാനത്ത് ആയിരുന്നുവെങ്കിലും കോഴിക്കോട് കോർപ്പറേഷനിൽ മാറ്റി നിയമിച്ചു എന്നും പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായുള്ള അപാകതകൾ പരിഹരിച്ച് അപേക്ഷകന്റെയും ഭാര്യയുടെയും ശാരീരിക അവശതകൾ കണക്കിലെടുത്ത് അപേക്ഷകനെ കോഴിക്കോട് കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം, ശ്രീ ബിജു, ഈ കേസിലെ അഫക്റ്റഡ് പാർട്ടിയായ ശ്രീമതി ബിന്ദു വി കെ എന്നിവരെയും 10.02.2026-ന് ബഹു.തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരും ഹിയറിങ്ങിൽ പങ്കെടുത്തു.

4. നേരിൽ കേട്ട വേളയിൽ ശ്രീ ബിജു.എൻ.അപ്പീൽ അപേക്ഷയിൽ സമർപ്പിച്ചിരുന്ന വിവരങ്ങൾ തന്നെ വീണ്ടും അറിയിക്കുകയും കാലിന് സുഖമില്ലാതെ ശരിയായ രീതിയിൽ നടക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വ്യക്തിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. അപേക്ഷകന്റെ ഭാര്യയുടെ ചികിത്സയുമായി ബന്ധപ്പെട്ട രേഖകളും ഹിയറിങ് വേളയിൽ സമർപ്പിക്കുകയുണ്ടായി. ടിയാൾക്ക് കോഴിക്കോട് നിന്നും കണ്ണൂരിലേക്ക് യാത്ര ചെയ്യുവാനും ഭാര്യയുടെ ചികിത്സയുമായി ബന്ധപ്പെട്ട ആവശ്യത്തിനും ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും അതിനാൽ എത്രയും പെട്ടെന്ന് തന്നെ കോഴിക്കോട് കോർപ്പറേഷനിലേക്ക് ഒരു നിയമനം ലഭിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും അറിയിച്ചു. തന്റെ വൃദ്ധ മാതാവിനെ പരിചരിക്കാൻ താൻ മാത്രമേ ഉള്ളൂ എന്നും പട്ടികജാതിയിൽപ്പെട്ട ആളാണ് എന്നും ടിയാൾക്ക് കോഴിക്കോട് കോർപ്പറേഷനിൽ തന്നെ തുടരേണ്ടത് വളരെ അത്യാവശ്യമാണെന്നും ശ്രീമതി ബിന്ദു വി കെ അറിയിച്ചിരുന്നു.

5. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം പൊതു സ്ഥലംമാറ്റത്തിന് അനുവദിച്ച സമയത്ത് അപേക്ഷകൻ ഓപ്റ്റ് ചെയ്ത സ്ഥലത്ത് ഒഴിവില്ലാത്തതിനാൽ ആണ് അപേക്ഷ പരിഗണിക്കാൻ കഴിയാതിരുന്നത് എന്നും ടിയാന്റെ അപേക്ഷയും അനുകമ്പാർഹമായ സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് കോഴിക്കോട് കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസർ ആയ ശ്രീ സനിൽകുമാർ എ.പി.യെ സ്ഥലം മാറ്റിയ ഒഴിവിൽ ശ്രീ.ബിജു എൻ. -ന് സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ് എന്നും അറിയിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം ശ്രീ ബിജു എൻ.-സമർപ്പിച്ച അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷൻ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി ശ്രീ ബിജു എൻ.-ന് കോഴിക്കോട് കോർപ്പറേഷനിൽ ഒഴിവുള്ള അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട്, ടിയാന്റെ Annexure A4 അപേക്ഷ പരിഗണിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം നമ്പർ OA No.66/2026 നമ്പർ കേസിലെ ബഹുമാനപ്പെട്ട കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.01.2026 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ ബിജു എൻ., ഡെപ്യൂട്ടി സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-03-2026 15:36:58
സെക്ഷൻ ഓഫീസർ